തൊണ്ടിന്റെ ദൗർലഭ്യം

* 77 [82] ശ്രീ. വർക്കല രാധാകൃഷ്ണൻ:
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. സി. കെ. തങ്കപ്പൻ:
,, വി. കേശവൻ:
,, കെ. മൂസ്സാക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ടിന് ലെവി സംപ്രദായം ഏർപ്പെടുത്തിയതുമൂലം പ്രാഥമിക കയർ സഹകരണസംഘങ്ങൾക്ക് തൊണ്ട് ലഭിക്കുന്നില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) തൊണ്ടിന് ലെവിസംപ്രദായം ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. ലെവി ഏർപ്പെടുത്തണമെന്ന സംസ്ഥാനഗവൺമെന്റിന്റെ നിർദ്ദേശം കേന്ദ്രഗവൺമെന്റ് അംഗീകരിച്ചതായി വിവരം ലഭിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഉത്തരവ് ഇതുവരെ കിട്ടിയിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

ഷെഡ്യൂൾ കാൻസലേഷൻ

* 78 [83] ശ്രീ. സി. എഫ്. തോമസ്:
,, ടി. എസ്. ജോൺ താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷൻ വക ഡിപ്പോകളിൽ കഴിഞ്ഞ ഒരു വർഷത്തിനകം ഷെഡ്യൂളുകൾ കാൻസൽ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര; കാരണമെന്ത്;

(സി) ഇതുമൂലം ജനങ്ങൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഈ നടപടി പുനഃപരിശോധിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) ഉണ്ട്.

(ബി) 165 ഷെഡ്യൂളുകൾ കാൻസൽ ചെയ്തിട്ടുണ്ട്. ദേശസാൽകൃതമല്ലാത്ത റൂട്ടുകളിൽ ഓടിയിരുന്നതും താരതമ്യേന പ്രാധാന്യം കുറഞ്ഞതും കിലോമീറ്ററിന് മൂന്നു രൂപ 50 പൈസയിൽ താഴെ മാത്രം വരുമാനം ലഭിച്ചിരുന്നതുമായ സർവ്വീസുകളാണ് റദ്ദാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോർപ്പറേഷന് ഇനിയുണ്ടാവുന്ന വാഹനക്ഷാമം പരിഹരിച്ചതിനുശേഷമായിരിക്കും ഈ സർവ്വീസുകൾ ലാഭകരമായി നടത്താനുള്ള സാദ്ധ്യത ഉണ്ടെങ്കിൽ പുനരാരംഭിക്കുവാൻ ശ്രമിക്കുന്നതാണ്.

പരമ്പരാഗത വ്യവസായങ്ങളുടെ പുനഃസംഘടന

*79 [84] ശ്രീ. കാനം രാജേന്ദ്രൻ:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:

ശ്രീ. എം. കെ. കേശവൻ:

,, കെ.ടി. കുണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി എന്നീ വ്യവസായങ്ങളുടെ പുനഃസംഘടനാപദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഏഴാം പദ്ധതിയിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പുനഃസംഘടനാപദ്ധതികൾ പൂർണ്ണമായി ഏഴാം പദ്ധതിക്കാലത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതുമൂലം ഉണ്ടാകുന്ന തൊഴിലവസരങ്ങൾഎത്രയെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ഈ വ്യവസായങ്ങളുടെ "പുനരുദ്ധാരണത്തിന്" എന്ന പേരിൽ 7-ാം പദ്ധതിയിൽ പ്രത്യേക സ്കീമുകളില്ല. എന്നാൽ കൈത്തറി വ്യവസായത്തിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി ആകെ ഉണ്ടെന്ന് കണക്കാക്കിയിട്ടുള്ള 95000 തറികളിൽ 90 ശതമാനത്തേയും സഹകരണ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ഏഴാം പദ്ധതിയിൽ 1060 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

കയർ വ്യവസായ മേഖലയിൽ ആകെ 4.3 ലക്ഷം തൊഴിലാളികളുണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവരുടെ ക്ഷേമം ലക്ഷ്യമാക്കി ഇതിൽ 75 ശതമാനം തൊഴിലാളികളേയും സഹകരണ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിനായി 1000 ലക്ഷം രൂപ ഏഴാം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനായി ഏഴാം പദ്ധതിയിൽ വ്യവസായ വിഭാഗത്തിൽ പ്രത്യേക പ്ലാൻ സ്കീമുകളൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല. എന്നാൽ കശുവണ്ടിയുടെ ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമാക്കി കാർഷികമേഖലയിൽ 160 ലക്ഷം രൂപയുടെ സ്കീമുകൾ ഏഴാം പദ്ധതിക്കാലത്ത് നടപ്പാക്കാൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ സ്കീമുകളെല്ലാം ഏഴാം പദ്ധതിക്കാലത്ത് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly